"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/6512/13/സിഇ/തസ്വഭവ

തീയതി : 11.08.2016

# സർക്കുലർ

വിഷയം:- "PRICE" Software ഉപയോഗിക്കുന്നത് സംബന്ധിച്ച്.
സൂചന:- G.O.(Ms) No. 498/15/Fin dated 03.11.2015.

തദ്ദേശ സ്വയംഭരണ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് "PRICE" Software തന്നെ ഉപയോഗിക്കണമെന്ന് സൂചന ഉത്തരവ് മുഖാന്തിരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് "PRICE" Software ഉപയോഗിച്ച് തയ്യാറാക്കുന്നതിന് ബോധപൂർവ്വം ചില എൻജിനീയർമാർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് NIC -യുടെ "PRICE" Software -ൽ യാതൊരുവിധ തടസ്സങ്ങളും ഇല്ലായെന്ന് അറിയിക്കുന്നു. സർക്കാർ നിർദ്ദേശം നിലനിൽക്കുന്നതിനാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് "PRICE" Software തന്നെ ഉപയോഗിക്കേണ്ടതാണ്. ടി സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള ട്രെയിനിംഗും demo site പരിശീലനവും എല്ലാ സാങ്കേതിക വിഭാഗം ജീവനക്കാർക്കും നൽകിയിട്ടുള്ളതാണ്. ഇനിയും പരിശീലനം ആവശ്യമുള്ളവർ അതത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ കീഴിലുള്ള Master trainers മുഖാന്തിരമോ, ഈ ആഫീസ് മുഖാന്തിരമോ പരിശീലനം കരസ്ഥമാക്കാവുന്നതാണ്.

അതത് സമയങ്ങളിൽ ഉണ്ടാകാവുന്ന Observed Data -കൾ പരിശോധിച്ച് യഥാസമയം ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങളോടു കൂടി "PRICE" Software -ൽ പ്രസിദ്ധീകരിക്കുന്നതാണ്. Observed Data -കൾ പരിശോധിക്കുന്നതിനാൽ "PRICE" മുഖേന എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ കഴിയില്ല എന്ന വാദം അംഗീകരിക്കാൻ സാധിക്കുന്നതല്ല. നിലവിൽ "PRICE"-ൽ ഉൾപ്പെടുത്തിയുള്ള Data ഉപയോഗപ്പെടുത്തി അടിയന്തിരമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു. "PRICE" -ൽ ലഭ്യമല്ലാത്ത Data -കൾക്ക് അതത് എൻജിനീയർമാർ തന്നെ Observed Data തയ്യാറാക്കി ഉപയോഗിക്കേണ്ടതാണ്. ടി കാര്യത്തിൽ അലംഭാവം കാണിക്കുന്നവർക്ക് എതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചീഫ് എൻജിനീയർ